**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1562** **31-08-2022 - ൽ മറുപടിയ്ക്ക്**

**കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും ഇടനടിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പദ്ധതി, പച്ചത്തേങ്ങ സംഭരണം, കൊപ്ര സംഭരണം, നെല്ല് സംഭരണം, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | അതിനായി നടപ്പാക്കിവരുന്ന പ്രധാന പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പദ്ധതി നടത്തിപ്പിലൂടെ എന്തെല്ലാം മാറ്റങ്ങൾ വരുത്താൻ ഈ സർക്കാരിന് കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ? | (ബി) | കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br><br>1. **കേരള ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാന വില പദ്ധതി:-** കാർഷിക ഉല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പച്ചക്കറി അടിസ്ഥാന വില പദ്ധതി 2020 നവംബർ ഒന്നിന്പ്രാബല്യത്തിൽ വന്നു. ടി പദ്ധതി പ്രകാരം മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അർഹരായ എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. പ്രാബല്യത്തിൽ വന്നു. ടി പദ്ധതി പ്രകാരം മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി തുടങ്ങിയ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. കൃഷിവകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ |

ചെയ്തിട്ടുള്ള അർഹരായ എല്ലാ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും.

2. **പച്ചത്തേങ്ങ സംഭരണം:-** സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചത്തേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32/- രൂപയായി നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങാ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തി പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുണ്ട്. നിലവിൽ 5384 കർഷകരിൽ നിന്നും 1988 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും 5,88,18,513/- രൂപ നാളികേരത്തിന്റെ വിലയായി കർഷകരുടെ അക്കൗണ്ടിൽ നൽകുകയും ചെയ്തിട്ടുണ്ട്.

3. **കൊപ്ര സംഭരണം:-** കൊപ്രയുടെ വില താഴ്ന്ന സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ കൊപ്രയുടെ താങ്ങുവില പദ്ധതി (പി.എസ്,എസ്) 2022 പ്രകാരം, കൊപ്ര സംഭരണത്തിനായി കേരഫെഡിനെയും മാർക്കറ്റ്ഫെഡിനെയും സ്റ്റേറ്റ് ലെവൽ ഏജൻസികളായി പ്രഖ്യാപിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന വിലയായ കിലോഗ്രാമിന് 105 രൂപ 90 പൈസ ക്രമത്തിലാണ് കർഷകന് വില ലഭ്യമാകുന്നത്. ആഗസ്റ്റ് 1-ാം തീയതി അവസാനിച്ച പദ്ധതി 3-മാസം കൂടി നീട്ടണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**4. സപ്ലൈകോ വഴി നെല്ല് സംഭരണം:-** കേന്ദ്ര സർക്കാർ അതാത് വർഷത്തിലേക്കായി പ്രഖ്യാപിക്കുന്ന നെല്ലിന്റെ താങ്ങുവിലയൊടൊപ്പം സംസ്ഥാന സർക്കാർ പ്രോത്സാഹന ബോണസായി അനുവദിക്കുന്ന അധിക തുക കൂടി നൽകിയാണ് സിവിൽ സപ്ലൈസ് കോർപറേഷൻ കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് വരുന്നത്.

**5. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം:-** സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

2021 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് കിലോഗ്രാമിന് 150 രൂപ എന്നത് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 6. **സംസ്ഥാന സർക്കാരിന്റെ വിപണി ഇടപെടൽ പദ്ധതി:-** ഓണ വിപണികൾ സംഘടിപ്പിക്കുമ്പോൾ പൊതുവിപണിയേക്കാൾ താഴ്ന്ന വിലയിലാണ് പഴം പച്ചക്കറികൾ വില്പന നടത്തുന്നത്. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണിയിലെ അതാത് ഇനങ്ങളുടെ സംഭരണ വിലയേക്കാൾ 10% അധികം വില നൽകി സംഭരിച്ച് ഓണവിപണികളിലൂടെ പൊതുവിപണിയിലെ വില്പന വിലയിൽ നിന്നും 30% കുറഞ്ഞ വിലയ്ക്ക് ഉപഭോക്താക്കൾക്ക് നൽകുന്നു.<br><br>ടി പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ കർഷകർക്ക് അവരുടെ കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനും, കൃഷിയിലേയ്ക്ക് യുവജനങ്ങളെ ആകർഷിക്കുന്നതിനും, കാർഷിക മേഖല പ്രധാന തൊഴിൽ മേഖലയാക്കുന്നതിനും സാധ്യമാകുന്നു. |

സെക്ഷൻ ഓഫീസർ